(സി) പ്രവൃത്തികൾ പൂർത്തീകരിക്കാൻ ആവശ്യമായ ഉപകരണങ്ങൾ എല്ലാ ജില്ലകളിലേക്കും എത്തിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാൻ ആവശ്യമായ മെറ്റീരിയൽ ലഭിക്കാത്തതാണ് കാരണമെങ്കിൽ ഇക്കാര്യത്തിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാൻ ബോർഡിന് സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതുവരെ തുക അടച്ചിട്ടുള്ള എല്ലാ പി.പി.എസ്. (Peoples Participation Scheme) പദ്ധതികളും പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വൈദ്യുതി ബോർഡിന്റെ മറ്റു പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികളുടെ പൂർത്തീകരണവും കൂടി കണക്കിലെടുത്തുകൊണ്ട് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കിവരുന്നു.

(ഡി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ മുൻഗണനാടിസ്ഥാനത്തിൽ നൽകി വരുന്നു. കൂടാതെ ജനകീയാസൂത്രണ പദ്ധതി (കേരള വികസന പദ്ധതി) യ്ക്കാവശ്യമായ ഇപ്പോൾ ലഭ്യമല്ലാത്ത സാധന സാമഗ്രികൾ ഓരോ ജില്ലയുടേയും ചുമതല വഹിക്കുന്ന ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ തന്നെ നേരിട്ട് വാങ്ങിക്കുവാൻ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലേയും കണ്ണൂർ ജില്ലയിലേയും ഇലക്ട്രിക്കൽ സെക്ഷനുകളിലെ മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തികൾ

17 [1696] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, ഭീമനടി, പിലിക്കോട്, കണ്ണൂർ ജില്ലയിലെ പാടിയോട്ടുചാൽ, കരിവെള്ളൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലെ മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് പ്രകാരമുള്ള ഏതൊക്കെ പ്രവർത്തികളാണ് ഇപ്പോൾ ചെയ്തുവരുന്നതെന്നും ഏതേതു വർഷമാണ് അവയുടെ എം.ജി. എഗ്രിമെന്റ് ഒപ്പു വച്ചതെന്നും അറിയിക്കാമോ;

2/198/2013—12.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സെക്ഷനുകളിൽ ഇനി എം.ജി. എഗ്രിമെന്റ് പ്രകാരമുള്ള എത്ര വീതം പ്രവൃത്തികളാണ് ഏറ്റെടുക്കാൻ ബാക്കിയുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ചെയ്തുവരുന്ന പ്രവൃത്തികളും എം. ജി. എഗ്രിമെന്റ് തീയതിയും താഴെ പറയും പ്രകാരമാണ്.

കാസർഗോഡ് ജില്ല

| | | |
|---|---|---|
| തൃക്കരിപ്പൂർ | — | ഇല്ല |
| ഭീമനടി (ബഡൂർ അക്കച്ചേരി) | — | 27-3-92 |
| പീലിക്കോട് | — | ഇല്ല |

കണ്ണൂർ ജില്ല

| | | |
|---|---|---|
| പാടിയോട്ടുചാൽ-മുക്കുഴി, കട്ടപ്പള്ളി, തൃക്കണാപുരം (നോർമൽ എം. ജി.) | — | 31-12-96 |
| പൊത്തംകണ്ടം (അഗ്രിക്കൾച്ചറൽ എം.ജി.) | — | 27-3-93 |
| ചൂരപ്പടവ് (അഗ്രിക്കൾച്ചറൽ എം.ജി.) | — | 18-8-95 |
| കരിവെള്ളൂർ | — | ഇല്ല |

(ബി) ഇനി ചെയ്യാൻ ബാക്കിയുള്ള പ്രവൃത്തികൾ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| തൃക്കരിപ്പൂർ | — | ഇല്ല |
| ഭീമനടി | — | 2 |
| പീലിക്കോട് | — | ഇല്ല |
| പാടിയോട്ടുചാൽ (നോർമൽ എം.ജി.) | — | 12 |
| അഗ്രിക്കൾച്ചറൽ എം.ജി. | — | 4 എണ്ണം |
| ഇൻഡസ്ട്രിയൽ എം.ജി. | — | 1 എണ്ണം |
| കരിവെള്ളൂർ | — | ഇല്ല |

LIBRARY ARCHIVES Kerala Legislative Assembly